Page 1 of 1

# VIII. റൂളിംഗ്

മി. സ്പീക്കർ: ഇപ്പോഴം എല്ലായിടത്തും അങ്ങനെയാണ്. പണ്ട് മാർച്ചിന് മുമ്പ് ഇതെല്ലാം പാസ്സാക്കുമായിരുന്നു. പക്ഷെ സബ്ജക്ട് കമ്മിററി സിസ്ററം വന്നതിനുശേഷം എല്ലായിടത്തും, പാർലമെൻറിലടക്കം ആദ്യം വോട്ട് ഓൺ അക്കൗണ്ട് തന്നെയാണ് പാസ്സാക്കുന്നത്. ഇലക്ഷനെ തുടർന്ന് പുതിയ ഗവൺമെൻറ് വന്നപ്പോഴം രണ്ടാമത് ഒരു വോട്ട് ഓൺ അക്കൗണ്ട് കൂടി വേണ്ടിവന്നു. ഇത് അവോയ്ഡ് ചെയ്യുന്നതിന് വേണ്ടത് ചെയ്യാം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഏപ്രിൽ മുതൽ നാലു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് കഴിഞ്ഞ ഗവൺമെൻറ് പാസ്സാക്കിയതാണ്. പിന്നെ നാലുമാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് ഈ ഗവൺമെൻറ് പാസ്സാക്കി. സപ്ലിമെൻററിക്കുള്ള അപ്രോപ്രിയേഷനാണ് പാസ്സാക്കുന്നത്; ബഡ്ജററിനുള്ളതല്ല.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. ബിനോയ് വിശ്വം: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ എതിർക്കാതെ കഴിയൂ. അതുകൊണ്ട് ഞാൻ എതിർക്കുന്നു. എന്നാൽ പണം ചെലവാക്കുന്നതിന് സഭയുടെ അനുമതി അദ്ദേഹം ആവശ്യപ്പെടുമ്പോഴം കേരളത്തിലെ മൊത്തം ജനങ്ങളുടെ പേരിൽ ഈ സഭയ്ക്ക് ചോദിക്കേണ്ട ബാദ്ധ്യതയില്ലേ? എന്തിനുവേണ്ടിയാണ് ഈ ധനവിനിയോഗം? ഈ ധനവിനിയോഗ ബിൽ ജനങ്ങൾക്കുനേരെ അക്രമം തുറന്നുവിടാനാണോ? ഈ ധനവിനിയോഗ ബിൽ പാവങ്ങളെ തല്ലികൊല്ലാൻ വേണ്ടിയാണോ? ഈ ധനവിനിയോഗ ബിൽ ദളിതരെ പീഡിപ്പിക്കാൻ വേണ്ടിയാണോ? ഈ ധനവിനിയോഗ ബിൽ എസ്. എൻ. ഡി. പി.-കാരനെ മലം തീററിപ്പിക്കാൻ വേണ്ടിയല്ലേ?

മി. സ്പീക്കർ: ധനവിനിയോഗ ബില്ലിലും ഇത് വേണമോ? ................(ബഹളം)................

ശ്രീ. ബിനോയ് വിശ്വം: ഇത് ധനവിനിയോഗ ബില്ലാണ്. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വീടിന് കല്ലെറിയാൻ വേണ്ടിയാണോ ഈ ധനവിനിയോഗം? കല്ലെറിഞ്ഞ ലീഗ് നേതാക്കൻമാരുടെ പേരിൽ കേസ്സെടുക്കാൻ വേണ്ടിയാണോ ഈ ധനവിനിയോഗം? ആറു മാസത്തിന് മുമ്പ് കേരള ജനതയുടെ മുമ്പിൽ അക്കമിട്ടക്കമിട്ട് പറഞ്ഞതമുഴുവൻ കാര്യങ്ങളും വിസ്മരിച്ചുകൊണ്ട് ആഭ്യന്തരകുഴപ്പങ്ങളുടേയും ഗ്രൂപ്പ് യുദ്ധങ്ങളുടേയും ചെളിക്കുണ്ടി ലേയ്ക്ക് ആണ്ടുപോയ ഒരു ഗവൺമെൻറ് സംസ്ഥാനത്തിന്റെ പണം ഉപയോഗപ്പെടുത്തികൊണ്ട് നിരുത്തരവാദപരമായി എന്തൊക്കെയോ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അത്തരമൊരു ധനവിനിയോഗ ബില്ലിന് ഉത്തരവാദിത്വബോധമുള്ള ഒരു സഭയ്ക്ക് സമ്മതം മൂളാൻ കഴിയുകയില്ല.



LIBRARY ARCHIVES Kerala Legislative Assembly